ഉത്തരം

(എ, ബി) പുതുതായി അപ്ഗ്രേഡ് ചെയ്ത കമ്മ്യൂണിറ്റി ഹെൽത്തു സെന്ററുകളിൽ സ്റ്റാഫിനെ നിയമിക്കുന്നതു സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം

171 (3361) ശ്രീ. കെ. സി. വേണുഗോപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിലെ വാർഡുകളുടേയും യൂണിറ്റുകളുടേയും ശോചനീയാവസ്ഥ മാറ്റുന്നതിനും നവീകരിക്കുന്നതിനും വേണ്ടി എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ ആശുപത്രിക്ക് ആവശ്യമായ പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുവേണ്ട നപടി സ്വീകരിക്കുമോ ;

(ഡി) ആശുപത്രിയിൽ ട്രോമാകെയർ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ട്രോമാകെയർ യൂണിറ്റിന് ആവശ്യമായ ആധുനിക ഉപകരണങ്ങളും, സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ ; ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന് ആവശ്യമായ ആധുനിക ഉപകരണങ്ങളും, സ്റ്റാഫും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) ആശുപത്രിയിലെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ജി) ഈ വകുപ്പിലെ എൻഡോസ്കോപ്പ് പ്രവർത്തനരഹിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഒരു പുതിയ എൻഡോസ്കോപ്പ് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഐ) ഈ വകുപ്പിൽ ഐ.സി.യു പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ജെ) എങ്കിൽ സ്റ്റാഫിനെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(കെ) ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്ര ഒഴിവുകൾ ഉണ്ട് ; ഇതിൽ അദ്ധ്യാപക-അനദ്ധ്യാപകർ എത്ര ; പാരാമെഡിക്കൽ സ്റ്റാഫ് എത്ര ; മിനിസ്റ്റീരിയൽ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എത്ര ; ഓരോ വകുപ്പു തിരിച്ചും, തസ്തിക തിരിച്ചും ഉള്ള ഒഴിവുകൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എൽ) ഒഴിവുകളിൽ നിയമനം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വണ്ടാനത്ത് ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എ ആന്റ് ബി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി. നിലവിലുള്ള ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ നടക്കുന്നുണ്ട്. കൂടാതെ, ശിശുരോഗ വിഭാഗവും, ശിശു രോഗ ശസ്ത്രക്രിയാ വിഭാഗവും പുതിയ കെട്ടിട സമുച്ചയത്തിലേക്ക് മാറ്റുന്നതിന് ഉത്തരവായി കഴിഞ്ഞു.

(ഡി & ഇ) ട്രോമാ കെയർ യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ കുറവുണ്ടെങ്കിൽ ട്രോമാകെയർ വിഭാഗത്തിന്റെ പ്രവർത്തനം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പുതിയ കെട്ടിടം പണിപൂർത്തിയാകുമ്പോൾ മാത്രമേ വികസന പ്രക്രിയ പൂർണ്ണമാകൂ. ഇപ്പോൾ ഒരു അസിസ്റ്റന്റ് പ്രൊഫസറേയും ഒരു ലക്ചററേയും നിയമിച്ചിട്ടുണ്ട്.

(ജി & എച്ച്) ഉണ്ട്, 2000-2001-ൽ പുതിയ ഇൻഡോസ്കോപ്പ് വാങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഐ & ജെ) തല്ക്കാലം പരിഗണനയിലില്ല.

(കെ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(എൽ) നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

172 (3362) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിക്കണമെന്ന നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശുപാർശയിൽമേൽ എന്ത് നിലപാടാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പഞ്ചിംഗ് ഏർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly